പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 551 | 07/07/2014-ൽ മറുപടിയ്ക്ക്

# തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള പുരയിടകൃഷിക്ക് അർഹമായ പരിഗണന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. **കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള പുരയിട കൃഷിക്ക് അർഹമായ പരിഗണന നൽകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സംസ്ഥാനത്ത് അനുയോജ്യമായ പുരയിട കൃഷി മാതൃകകൾ വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇത് കർഷകർക്കിടയിൽ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) | സംസ്ഥാനത്ത് അനുയോജ്യമായ പുരയിട കൃഷി മാതൃകകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഒരു ഏക്കർ വരെയുള്ള കൃഷിയിടത്തിൽ വിവിധ തരം കാർഷിക-ഫല-പുഷ്പ വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചു കൊണ്ട് പുതിയ ചെറുകിട മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് ഏക്കറിന് പതിനായിരം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് ഉദ്ദേശിച്ചുള്ള "സംയോജിത മാതൃകാ കൃഷിത്തോട്ട പദ്ധതി" 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. അതനുസരിച്ച് എല്ലാ ജില്ലകളിലും ഇതിനുള്ള അപേക്ഷ വാങ്ങി പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ